# അമേരിക്കൻ കഥകൾ

## മിനികഥകൾ നാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി വീണ്ടും അമേരിക്കൻ കഥകൾ പറയാൻ തുടങ്ങി. ഇന്ന് പറയാൻ പോകുന്ന കഥ കേട്ട് നിങ്ങൾ ആരും ഭയപ്പെട്ട് അമേരിക്കയിൽ വരാതിരിക്കരുത്. പൂർവ്വ കാലത്ത് അമേരിക്കയിൽ വന്ന പല മലയാളികളുടേയും കഥകൾ അത്ര വിചിത്രവും ദയനീയവും ആയിരുന്നു.

കവിത അമേരിക്കയിൽ വന്നത് ചിന്നമ്മച്ചിയുടെ പരിപൂർണ്ണ സഹായം കൊണ്ടു മാത്രമായിരുന്നു. ചിന്നമ്മച്ചിയുടെ അയൽപക്കത്തുള്ള ഒരു നിധന കുടുംബത്തിലേതായിരുന്നു കവിത ആറ് പെൺമക്കളുള്ള വീട്ടിലെ മൂത്തവളാണ് കവിത. ഹൈസ്ക്കൂൾ വെരെ പഠിച്ചു. അവളുടെ അമ്മ കാലു പിടിച്ചിട്ടാണ് ചിന്നമ്മ കവിതയെ ഇൻന്ത്യയിൽ അവൾ ജോലി ചെയ്ത സ്ഥ ലത്തു കൊണ്ടു വന്നത്. അന്ന് ചിന്നയുടെ മൂത്ത കുഞ്ഞിനെ നോക്കാൻ അവൾക്ക് ഒരു സഹായം ആയി.

അവളെ തട്ടീം മുട്ടീം പൊന്നച്ചൻ നോക്കിയപ്പോൾ വലിയ എതിപ്പൊന്നും കാട്ടാതിരുന്നപ്പോൾ ഇടയ്ക്കിടയ്ക്ക് അയാൾ ഉപ്പും പുളീം നോക്കിയപ്പോൾ കൂടെ സഹകരിച്ചത് പിന്നീട് അവൾക്ക് ഉപകാരമായി. ചിന്നമ്മച്ചി അമേരിക്കയിൽ വന്ന കഴിഞ്ഞപ്പോൾ, നേഴ്സായി ജോലി ചെയ്തിരുന്ന അവളെ ചിന്നമ്മച്ചിയാണ് അമേരിക്കയിൽ എത്താൻ വേണ്ട പേപ്പറുകൾ അയച്ചു കൊടുത്തതും ശുപാശ്കൾ എല്ലാം ചെയ്തതും. ഉള്ളതു പറഞ്ഞാൽ പൊന്നച്ചന്റെ നിരന്തര പരിശ്രമം ഒന്നു കൊണ്ടു മാത്രമാണ് അവൾക്ക് ഇന്ത്യയിൽ നേഴ്സിംഗിന് പ്രവേശനം കിട്ടിയതും പഠിച്ചതും.

അമേരിക്കയിൽ ആയ ചിന്നമ്മച്ചി, ഒരാവശ്യം വന്നപ്പോൾ പൊന്നച്ചനാണ് കവിതയെ കൊണ്ടു വരുന്ന കാര്യം ശുപാശ് ചെയ്തത്. കവിതയ്ക്ക് അമേരിക്കയിൽ വരാൻ ഉള്ള വിസായും മറ്റും കിട്ടി കഴിഞ്ഞപ്പോൾ ടിക്കറ്റിനുള്ള പണം പൊന്നച്ചനാണ് കടമായ് കൊടുത്തത്. പലിശ കൂടാതെ കൊടുത്ത പണം തിരികെ നൽകിയാൽ മതി. പലിശയ്ക്കുള്ള മുതൽ പൊന്നച്ചൻ കണ്ടു വെച്ചിട്ടുണ്ടായിരുന്നു.

തങ്കമ്മ പണ്ട് കൂടെ നിന്ന അനുഭവം ഉണ്ടാകാതിരിക്കാൻ ചിന്നമ്മച്ചി ഒരു ദിവസത്തെ അവധി എടുത്ത് കൂടെ നിന്ന് ആ വീട്ടിലെ എല്ലാ കാര്യങ്ങളും മനസ്സിലാക്കി. അപ്പോൾ പിന്നെ ഭയപ്പെടാതെ അവക്ക് ജോലിക്കുപോകാമല്ലോ. പണ്ട് മുയൽ ഇറച്ചി തിന്ന രുചി ഓർത്ത് തക്കം പാർത്ത് പൊന്നച്ചനും ക്ഷമയോടെ കാത്തിരുന്നു. അവൾക്ക് ഇത്രയും കാര്യങ്ങൾ ചെയ്ത പൊന്നച്ചനോട് അവൾക്ക് നന്ദിയുണ്ടായിരുന്നു. അയാളുടെ കൂടെ എല്ലാ കാര്യത്തിനും സഹകരിക്കാനും അവൾക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളു. ദീർഘകാലം അവളെ അവരുടെ കൂടെ നിർത്തി പരീക്ഷയും എഴുതിച്ച്, ആറെന്നും ആക്കി ചിന്നമ്മച്ചി ജോലി ചെയ്യുന്ന ആശുപത്രിയിൽ തന്നെ ജോലിയും ആക്കി ഡ്രൈവിംഗും പാസാക്കി അങ്ങിനെ എല്ലാ വിധത്തിലും മിടുക്കിയാക്കി. അഞ്ചു വർഷക്കാലം കേരളത്തിൽ പോലും പോകാതെ, വാടകയൊന്നും കൊടുക്കാതെ, മറ്റനവധി ചിലവുകൾ ഒന്നുമില്ലാതെ കിട്ടുന്ന ഡോളർ എല്ലാം സ്വരൂപിച്ച് അമേരിക്കൻ സിറ്റിസണും ആയി.

ഇനിയും നാട്ടിൽ പോയി വിവാഹം കഴിക്കണം. എന്ന തീരുമാനത്തിലായി. ഇടയ്ക്കിടയ്ക്ക് അവൾ അയച്ചു കൊടുക്കുന്ന പണം കൊണ്ട് ഒരു വലിയ വീടു വെച്ചു. ഇളയ സഹോദരിമാരെ ഓരോരുത്തരെ അവൾ നേഴ്സിംഗ് വിട്ടു. കവിത അമേരിക്കയിലായത് അനിയത്തിമാക്ക് നേഴ്സിംഗിനു പോകാൻ കൂടുതൽ പ്രചോദനം ഏകി. എന്നാൽ അവൾക്ക് പറ്റിയത് സംഭവിക്കാതിരിക്കാൻ അവൾ വേണ്ട എല്ലാ മുൻ കരുതലുകളും ചെയ്തു. എത്ര മുൻ കരുതലുകൾ ചെയ്താലും സ്വയം സമ്മതം ഇല്ലാതെ ഒരുത്തനും ഒന്നും ചെയ്യത്തില്ലന്നവൾക്കറിയാം. അന്നച്ചി പറയുന്നതുപോലെ: ഒരു പെണ്ണും സ്വയം കാലകത്തി കൊടുക്കാതെ ഒരുത്തനും ഒന്നും ചെയ്യാൻ പറ്റത്തില്ല. എന്തായാലും കവിത കേരളത്തിൽ പോകുന്നതിനു മുമ്പായി നേഴ്സിംഗു പാസായ് ജോലി ചെയ്യുന്ന നേരേ അനുജത്തി ശാന്തയെ അമേരിക്കയിൽ എത്തിച്ച് കൂടെ താമസിപ്പിച്ച് ജോലിയും ശരിയാക്കി എല്ലാ വിധത്തിലും മിടുക്കിയാക്കി. ശാന്ത വരുന്നതിനു മുമ്പായി അവൾ സ്വന്തം എപ്പാർട്ടുമെന്റും എടുത്ത് താമസമാക്കിയിരുന്നു. ശാന്തയെ കണ്ടപ്പോൾ മുതൽ പൊന്നച്ചന് സ്വല്പം കൊതി വന്നെങ്കിലും മാന്യത നഷ്ടപ്പെടുത്താതെ കാത്തു സൂക്ഷിച്ചു. കവിത ജോലി ചെയ്യുന്നിടത്തു തന്നെ ശാന്തയേയും ജോലിയിലാക്കി.

കവിത എല്ലാം കൂടെ ഒരു മാസത്തെ അവധിക്കാണ് എത്തിയത്. അതിനു മുമ്പായി പല സ്ഥലത്തു നിന്നും അവൾക്കു വേണ്ടി പല ആലോചനകളും ചെയ്തെല്ലാം ശരിയാക്കിയതുകൊണ്ട്, അവൾ അധികം താമസിയാതെ തന്നെ നല്ല ദൈവ ഭക്തിയുള്ള സുന്ദരനായ ഒരു ഐറ്റി എഞ്ചനിയറെ വിവാഹം ചെയ്ത് മടങ്ങി പോന്നു. ഫിലിപ്പോസിന് വിസയെല്ലാം കിട്ടി അമേരിക്കയിൽ എത്തുന്നതിന് മുമ്പായി പുത്തനൊരു അമേരിക്കൻ വണ്ടിയും വാങ്ങാനായി വേണ്ട ഏപ്പാടുകൾ എല്ലാം ചെയ്തു. ഫിലിപ്പോസ് വന്ന ശേഷം വണ്ടി വാങ്ങാമെന്നവൾ തീരുമാനിച്ചു. അവൾ അമേരിക്കൻ സിറ്റിസൺ ആയിരുന്നതുകൊണ്ടും നല്ല സാമ്പത്തിക ഭദ്രത ഉണ്ടായിരുന്നതു കൊണ്ടും ഫീലിപ്പോസിന് പെട്ടന്ന് അമേരിക്കയിൽ എത്തിച്ചേരാൻ സാധിച്ചു. അയാൾക്ക് സോഷ്യൽ സെക്ക്യൂരിറ്റി ശരിയാക്കയും മറ്റും ചെയ്ത ശേഷം അവർ പോയി അവൾ എപ്പാടു ചെയ്തു വെച്ച കാർ വാങ്ങി. പുത്തൻ വണ്ടിയേൽ അയാളെ ഡ്രൈവിംഗ് പഠിപ്പിക്കണമെന്ന് അവൾക്കാഗ്രഹമുണ്ടായിരുന്നു.

അവർ താമസിച്ചിരുന്ന മൂന്നു നിലയുടെ മുകളിൽ നിന്ന് നോക്കിയാൽ കാണതക്ക വിധം റോഡിൽ കാർ പാക്ക് ചെയ്തു. എല്ലാവരും കാണട്ടെ കവിത പുത്തൻ വണ്ടി വാങ്ങിച്ചെന്ന വിധം അവൾ കാറേലെ ഒട്ടിച്ചു വെച്ചിരുന്ന കടലാസുകൾ ഒന്നും ഇളക്കി മാറ്റിയിരുന്നില്ല. അവർ കിടന്ന കട്ടിലിന്റെ അടുത്തുള്ള ജനലിൽ കൂടെ നോക്കിയാൽ പുത്തൻ വണ്ടി കിടന്ന് തിളങ്ങുന്നതു കാണാമായിരുന്നു. വെളുപ്പാൻ കാലത്ത് ഒരു കറമ്പൻ വണ്ടിയുടെ മുൻവശം തുറക്കുന്നത് ഫിലിപ്പോസു കണ്ട് മൂന്നു നിലയും ഓടിയിറങ്ങി ചെന്ന്: ഹേയ് അതെന്റെ വണ്ടി ആണെന്നു പറഞ്ഞു. ആരു പറഞ്ഞൂ എന്നായി മോഷ്ടാവിൽ നിന്ന്. ഹേയ്, നീ എന്താണ് ചെയ്യുന്നത്? എനിക്ക് ബാറ്ററി മാത്രം മതി; നിനക്കു വേണ്ടത് നീ എടുത്തോ എന്നായി മറുപടി. ഒറ്റ ഓട്ടത്തിന് ഫിലിപ്പോസ് എപ്പാർട്ടുമെന്റി ചെന്ന് പോലീസിന് ഫോൺ ചെയ്ത് വിവരം പറഞ്ഞപ്പോൾ കിട്ടിയ മറുപടി: നിങ്ങൾ സ്റ്റേഷനിൽ വന്ന് പേപ്പറുകൾ വാങ്ങി നിങ്ങളുടെ ഇൻഷുറൻസിന് ക്ലെയിം ചെയ്യുക എന്നാണ്.

പുത്തൻ കാറും അനുജത്തീം എല്ലാമായി ഈ എപ്പാർട്ടുമെന്റു താമസം ശരിയല്ലന്നു തോന്നിയ സമയം തന്നെ നമ്മുടെ റിയൽ എസ്റ്റേറ്റ് തോമാസ് വന്ന് ചാക്കിട്ടു പിടിച്ച് ഒരു വീടു കച്ചവടമാക്കി. ഇതെല്ലാം തോമസിന്റെ കളികളാണെന്ന് അവിടെയുള്ള മലയാളികൾ പറഞ്ഞു പരത്തി. ജോലീം വേലേം ഇല്ലാത്ത മലയാളികൾക്ക് എന്താ പറഞ്ഞു പരത്താൻ പ്രയാസമെന്നയാൾക്കു മനസ്സിലായി. എന്തായാലും ഫിലിപ്പോസിന് പെട്ടന്ന് ജോലി ആയി.